**VM ARCHITECTS**
architecture + interiors

3rd Floor , 5/3403 C40 (3) , Space Mall , Jafferkhan Colony Road,calicut 673004 , Kerala - India
info@vmarchitects.net + 91 96 33 822 771 , 0495- 272 8771 www.vmarchitects.net

No.1197/1, 3rd floor(paratha plaza),22nd cross,HSR club road,Sector-3 , HSR layout,Bangalore- 560102
info.bangalore@vmarchitects.net + 91 96 33 82 27 71 | + 91 81 97 15 96 79 | 080 437 554 08
www.vmarchitects.net





# NEW & INNOVATIVE FORM

ലഭ്യമായ വിഭവങ്ങൾ കൊണ്ട് വെറുതെ ഒരു വീട് ചിട്ടപ്പെടുത്താതെ വാസ്തു കലയുടെ ആർട്ടും സയൻസും അനുപാതം തെറ്റാതെ സമ്മേളിക്കുന്നതുകൂടി യാണ് വിനയ് രൂപപ്പെടുത്തുന്ന വീടുകൾ.

ആർക്കിടെക്റ്റ് വിനയ് മോഹൻ
വി.എം ആർക്കിടെക്റ്റ്സ്
കോഴിക്കോട്
ഫോൺ: 9633822771







ഇന്റീരിയറിന് യോജിക്കുന്ന വിധത്തിൽ കസ്റ്റമൈസ് ചെയ്തു നിർമ്മിച്ചതാണ് ഈ വീട്ടകത്തെ ഫർണിച്ചർ

**കാലിക ശൈലിയിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന ഈ പാർപ്പിടത്തിന്റെ ഘടനയിൽ മാത്രമല്ല യാഥാർത്ഥ്യമാക്കാൻ ഉപയോഗിച്ചിരിക്കുന്ന സങ്കേതങ്ങളിലും പുതുമയുണ്ട്.**

സ്റ്റാഫ് റിപ്പോർട്ടർ

പുതുമകൊണ്ട് പൂർണ്ണത നൽകുന്ന ആർക്കിടെക്റ്റാണ് വിനയ് മോഹൻ. ആർക്കിടെക്ച്ചറിന്റെ നൂതന പരിഭാഷ്യം കൊണ്ട് സമ്പന്നമാണ് ഇദ്ദേഹത്തിന്റെ ഓരോ ഭാവനയും. ക്ലൈന്റിന്റെ ഇഷ്ടങ്ങളെ ലഭ്യമായ വിഭവങ്ങൾ കൊണ്ട് വെറുതെ ചിട്ടപ്പെടുത്താതെ വാസ്തുകലയുടെ ആർട്ടും സയൻസും അനുപാതം തെറ്റാതെ സമ്മേളിക്കുന്നതു കൂടിയാണ് വിനയ് രൂപപ്പെടുത്തുന്ന വീടുകൾ. കാലികശൈലിയിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന ഈ പാർപ്പിടത്തിന്റെ ഘടനയിൽ മാത്രമല്ല യാഥാർത്ഥ്യമാക്കാൻ ഉപയോഗിച്ചിരിക്കുന്ന സങ്കേതങ്ങളിലും പുതുമയുണ്ട്. മൗലികമായ സൃഷ്ടികൾ തീർക്കുക എന്ന സ്വപ്നത്തോടെയാണ് ഈ വാസ്തുശില്പി ഓരോ ഭവനവും ഡിസൈൻ ചെയ്യുന്നത്. അത്തരത്തിലുള്ളതാണ് ഈ വീടും.

കാലിക്കറ്റ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ആർക്കിടെക്റ്റ് വിനയ് മോഹന്റെ വി.എം അസോസിയേറ്റ്സിലേക്ക് മുരളീധരനും കുടുംബവും എത്തിയത് അതുല്യമായ ഒരു പാർപ്പിടം തീർക്കുക എന്ന സ്വപ്നവുമായിട്ടാണ്. ആർക്കിടെക്ച്ചറിൽ വിനയ് പുലർത്തുന്ന സിഗ്നേച്ചർ ശൈലി ഇഷ്ടപ്പെട്ടതാണ് ഈ യുവ ആർക്കിടെക്റ്റിനെ തന്നെ തന്റെ വീടിന്റെ ചുമതലയേൽപ്പിക്കാൻ കാരണം. കണ്ണൂർ മഴുപ്പിലങ്ങാട് ആണ് വീട്. ദീർഘചതുരാകൃതിയിൽ കിടക്കുന്ന 13 സെന്റ് സ്ഥലത്താണ് വീട്. പ്രവാസിയായ മുരളീധരന്റെ ജീവിതശൈലിയും അഭീഷ്ടങ്ങളും പഠിച്ച് നിരീക്ഷിച്ചറിഞ്ഞാണ് ഈ വാസ്തുശില്പി പാർപ്പിടത്തിന്റെ രൂപകല്പന തയ്യാറാക്കിയിരിക്കുന്നത്.

പ്ലോട്ടിന്റെ നീളക്കൂടുതൽ പാർപ്പിടത്തിലും പ്രകടമാണ്. ഫ്ളാറ്റ് സ്ലോപ്പ് റൂഫിന്റെ കോംപിനേഷനാണ് എക്സ്റ്റീരിയറിൽ. സ്ഥിരം ശൈലിയിലുള്ള റൂഫ് കോംപിനേഷനല്ലിത്. ഒരു ഭാഗത്തേക്ക് മാത്രമാണ് ചെരിവ് നൽകിയിരിക്കുന്നത്. ഭിത്തിയിലും ഈ ചെരിവിന്റെ തുടർച്ച കാണാവുന്നതാണ്. ട്രഡീഷണൽ സ്ലോപ്പ് റൂഫിൽ നിന്ന് വ്യത്യസ്തമായി ഒരു ദിശയിലേക്ക് മാത്രം നൽകിയിരിക്കുന്ന ചെരിവ് ഈ ഭവനത്തിന്റെ മാത്രം സവിശേഷതയാണ്. ഓപ്പൺ ടെറസ്സിന് കവറിംഗ് നൽകിയിരിക്കുന്നത് ജി.ഐ സെക്ഷനിൽ ഗ്ലാസ് നൽകിയാണ്. ഷെറാബോർഡ് കൊണ്ട് ടെറസ്സിനെ മറച്ചാണ് യൂട്ടിലിറ്റി ഏരിയ തയ്യാറാക്കിയിട്ടുള്ളത്. മാറ്റ്ഫിനിഷിഡ് വിട്രിഫൈഡ് ടൈൽ ചെറിയ പീസാക്കി ഭിത്തിയിൽ ക്ലാഡ് ചെയ്തിരിക്കുന്നത് ഇവിടെനിന്നുള്ള മറ്റൊരു സുന്ദരദൃശ്യമാണ്. ബോക്സ്, സ്ട്രിപ്പ് രീതിയിലുള്ള ഓപ്പണിംഗുകളും ജനലുകളുമാണ് വെന്റിലേഷനായി തയ്യാറാക്കിയിരിക്കുന്നത്. യു.പി.വി.സി കൊണ്ടാണ് ഇവ തീർത്തിരിക്കുന്നത്. ക്ലൈമറ്റ് ചേഞ്ചിനനുസരിച്ച് തടികൾക്ക് രൂപമാറ്റം വരാവുന്നതിനാലാണ് ജാലകങ്ങൾക്കായി ആർക്കിടെക്റ്റ് യു.പി.വി.സി തെരഞ്ഞെടുത്തത്. സിറ്റൗട്ടിലേക്കുള്ള സ്റ്റെപ്പിന് ഷെയിഡ് നൽകിയിരിക്കുന്നത് ജി.ഐ.യും ഗ്ലാസും കൊണ്ടാണ്. വീടിന്റെ പ്രൗഢിക്ക് ഇണങ്ങുന്ന രീതിയിൽ മനോഹരമായ ലാന്റ്സ്കേപ്പ് ഒരുക്കിയിട്ടുണ്ട്. നാച്ച്വറൽ സ്റ്റോൺ കൊണ്ടാണ് പേവ് ചെയ്തിരിക്കുന്നത്. മണ്ണിലേക്ക് നേരി



**ഭക്ഷണം കഴിക്കുന്ന സ്ഥലം എന്ന ആശയത്തിൽ നിന്ന് വ്യത്യസ്തത പുലർത്തുന്ന മാതൃകയിലാണ് ഡൈനിംഗ് സ്പേസ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.**

ട്ടെത്താൻ പറ്റുന്ന രീതിയിലാണ് കമാനത്തോട് കൂടിയ ഗേറ്റ്. കാൽനടക്കാർക്ക് പൂമുഖത്തേക്ക് നേരിട്ടെത്താൻ ഒരു വിക്കറ്റ് ഗേറ്റും നൽകിയിട്ടുണ്ട്. ടൈൽക്ലാഡിംഗ്, പെയിന്റിംഗ്, കോർണർ വിൻഡോസ്, എലിവേഷന്റെ സമാനതകളില്ലാത്ത രൂപഘടന എന്നിവയാണ് ഈ പാർപ്പിടത്തിന്റെ എക്സ്റ്റീരിയറിനെ ഹൃദ്യമാക്കുന്നത്. ആർക്കിടെക്ച്ചറിന് മൗലികത നൽകുന്നത് അനുപമമായ വാസ്തുകല നിർവചനമാണ്.

പൂർണ്ണമായും തുറന്നിട്ടിരിക്കുന്ന രീതിയിലാണ് പൂമുഖം. സിറ്റൗട്ടിന്റെ ഇരു ഭാഗത്തും സ്റ്റെപ്പുകൾ നൽകിയിരിക്കുന്നതിനാൽ വാഹനത്തിൽ വരുന്നവർക്കും നടന്നു വരുന്നവർക്കും എളുപ്പത്തിൽ പൂമുഖത്തേക്ക് എത്താം. ലപ്പോത്ര ഗ്രാനൈറ്റാണ് പൂമുഖത്തും ചവിട്ടുപടികളിലും. സിറ്റൗട്ടിന് മറ നൽകുന്നത് ഇൻ ബിൽറ്റ് പ്ലാന്റ് ബോക്സുകളിൽ നട്ടുവളർത്തിയിരിക്കുന്ന ചെടികളാണ്. തേക്കിൽ തീർത്തതാണ് പ്രധാനവാതിൽ. അലങ്കാരങ്ങളില്ലാത്ത പൂമുഖ വാതിലാണ് അതിഥികളെ അകത്തേക്ക് ക്ഷണിക്കുന്നത്. സിറ്റൗട്ടിലെ ഇൻ ബിൽറ്റ് ഇരിപ്പിടം തന്നെയാണ് ഷൂറാക്ക് ആക്കിയിരിക്കുന്നത്. കാർപോർച്ചിൽ നിന്നും സിറ്റൗട്ടിലേക്കുള്ള പാത പെബിൾ ബെഡുകൊണ്ടാണ്.

മാറ്റ് ഫിനിഷ്ഡ് വിട്രിഫൈഡ് ടൈലു കൊണ്ടാണ് ഇന്റീരിയർ. മുറിയുടെ പ്രത്യേകത അനുസരിച്ച് നിറം മാറ്റിയാണ് വിവിധ പാറ്റേൺ നൽകിയിരിക്കുന്നത്. കസ്റ്റം മെയിഡ് ഫർണിച്ചറാണ് ഇന്റീരിയറിനെ ഫങ്ഷണലാക്കുന്നത്. ഫാബ്രിക് അപ്ഹോൾസ്റ്ററി ചെയ്തിരിക്കുന്ന ഇരിപ്പിടങ്ങളും കോഫി ടേബിളുമാണ് സ്വീകരണ മുറിയിലെ ഗൃഹോപകരണങ്ങൾ. ജിപ്സവും മൾട്ടിവുഡും കൊണ്ടാണ് സ്വീകരണമുറിയുടെ സീലിംഗ് ആകർഷകമാക്കിയിരിക്കുന്നത്. സ്വീകരണ മുറിയോട് ചേർന്നു തന്നെയാണ് നടുമുറ്റം. മൾട്ടിവുഡും വെനീറും കൊണ്ടാണ് ടി വി യൂണിറ്റും, ആർക്കിട്രൈവുകളും തീർത്തിരിക്കുന്നത്. മുറിയിലെ ഫർണിഷിംഗും ഫർണിച്ചറും കൃത്യമായ ഹാർമണിയിലാണ് സമന്വയിപ്പിച്ചിരിക്കുന്നത്. ഇന്റീരിയറിലെ മറ്റു വാതിലുകൾ ഒക്കെ ഫെറോ ഡോറാണ്. ചിലവ് ചുരുക്കുന്നതിന്റെ











കോൺക്രീറ്റും വുഡും മിക്സ് ചെയ്തു നിർമ്മിച്ചതാണ് സ്റ്റെയർകേസ്



ഭാഗമായിട്ടാണ് ഇത്തരം വാതിൽ വാങ്ങി ഉപയോഗിച്ചത്.

ഭക്ഷണം കഴിക്കുന്ന സ്ഥലം എന്ന ആശയത്തിൽ നിന്ന് വ്യത്യസ്തത പുലർത്തുന്ന മാതൃകയിലാണ് ഡൈനിംഗ് സ്പേസ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഫോൾഡിംഗ് ഡോറുകൾ തുറന്നിട്ടാൽ ഒരു പ്രൈവറ്റ് ഗാർഡനിലേക്ക് എത്തുന്ന രീതിയിലാണ് ഡൈനിംഗിന്റെ സ്ഥാനം. സിന്തറ്റിംഗ് ഗ്രാസും, ചെടികളും ചേരുന്ന പ്രൈവറ്റ് ഗാർഡന് ടെൻസൈൽ സ്ട്രെക്ച്ചർ കൊണ്ടാണ് റൂഫിംഗ്. ജി. ഐയും ഫാബ്രിക്കും കൊണ്ടുള്ളതാണ് ടെൻസൈൽ സ്ട്രെക്ച്ചർ റൂഫുകൾ. വിദേശത്ത് സുപരിചിതമെങ്കിലും നമ്മുടെ നാട്ടിൽ പ്രചാരത്തിലാകുന്നതേയുള്ളൂ ഇവ. വുഡും ഗ്ലാസും കൊണ്ടുള്ളതാണ് ഡൈനിംഗ് ടേബിൾ. ഇരുൾമരത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. ജിപ്സവും മൾട്ടിവുഡും കൊണ്ടാണ് ഡൈനിംഗിലെ ഫോൾസ് സീലിംഗ്. ഭിത്തിയും വാഷ്




# Home Info



| | |
|---|---|
| ആർക്കിടെക്റ്റ് | : വിനയ് മോഹൻ |
| ക്ലൈന്റ് | : മുരളീധരൻ |
| ലൊക്കേഷൻ | : മുഴുപ്പിലങ്ങാട് |
| പ്ലോട്ട് | : 13 സെന്റ് |
| ഏരിയ | : 2800 ചതുരശ്രയടി |
| സ്ട്രക്ചർ | : ചെങ്കല്ല് |
| പെയിന്റ് | : നോർമൽ ഇമൽഷൻ |
| എലിവേഷൻ സ്റ്റൈൽ | : കണ്ടംപ്രറി |
| ക്ലാഡിംഗ് | : മാറ്റ് ഫിനിഷ്ഡ് ടൈൽ |
| വിൻഡോസ് | : യു.പി.വി.സി |
| ടെറസ്സ് കവറിംഗ് | : ഷെറാ ബോർഡ് |
| ഗാർഡൻ റൂഫ് | : ടെൽസൈൽ |
| ഫ്ളോറിംഗ് | : മാറ്റ് ഫിനിഷ്ഡ് വിട്രിഫൈഡ് ടൈൽ |
| പേവിംഗ് | : നാച്ച്യുറൽ സ്റ്റോൺ |
| ഫർണിച്ചർ | : ഇരുൾ |
| വാർഡ്രോബ് | : മൾട്ടിവുഡ്, വെനീർ |
| സീലിംഗ് | : ജിപ്സം, മൾട്ടി വുഡ് |

▲ ഇൻ ബിൽറ്റ് ബ്രേക്ക് ഫാസ്റ്റ് കൗണ്ടറാണ് കിച്ചണിൽ








▲ മുരളീധരനും കുടുംബവും